## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2842 — 02/04/2013ൽ മറുപടിയ്ക്ക്

### താലൂക്ക് രൂപീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് എത്ര കമ്മീഷനുകളെ വിവിധ സർക്കാരുകൾ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ)<br>(ബി)<br>(സി) | താലൂക്ക്-വില്ലേജ് പുന:സംഘടന സംബന്ധിച്ച് സർക്കാരിനു ലഭിച്ച നിവേദനങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ സർക്കാർ റവന്യൂ വകുപ്പും ലാന്റ് റവന്യൂ കമ്മീഷണറേറ്റും സംയുക്തമായി തയ്യാറാക്കിയ 2007-ലെ റിപ്പോർട്ട് മാത്രമേ ലഭ്യമായിട്ടുള്ളു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഓരോ കമ്മീഷനും താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ; | | |
| (സി) ഡോ.ബാബു പോൾ കമ്മീഷൻ എത്ര താലൂക്കുകൾ രൂപീകരിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്; അവയുടെ പേരുകൾ വ്യക്തമാക്കുമോ ; | | |
| (ഡി) താലൂക്ക് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ എന്നിവയുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രിതല സംവിധാനം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാ സൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നീ കാര്യങ്ങൾ പരിശോധിച്ചും അതോടൊപ്പം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുമാണ് താലൂക്ക് രൂപീകരിക്കുന്നതിന് മാനദണ്ഡമായി പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ